STUDY MATE
QUESTION BANK
HTTPS://STUDYMATEQUESTIONBANK.BLOGSPOT.COM/

# First Terminal Evaluation-2024-'25

Time: 1½ Hrs

Std : 6 **അടിസ്ഥാനപാഠാവലി** Score :25

**നിർദ്ദേശങ്ങൾ:**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസസമയം ആണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കണം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി വേണം ഉത്തരം എഴുതാൻ ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം ഇവ പരിഗണിക്കണം.

**6 പ്രവർത്തനത്തിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരം എഴുതുക. 5 സ്കോർ വീതം.**

## പ്രവർത്തനം-1

അമ്മയുടെ കണ്ണുകൾ
ഏതു വാതിൽപ്പഴുതിലൂടെയും
എളുപ്പം കടന്നുപോകും
അപ്പൂപ്പന്റെ മരുന്നുമണമുള്ള മുറി തുറന്ന്
നിറയേ പൂക്കൾ വിരിയിക്കും
അമ്മൂമ്മയുടെ തെറ്റിയ താളങ്ങളെ
തട്ടുംപുറത്ത് പൂട്ടിയിട്ട്
പുതിയ ഈണങ്ങൾ മൂളിക്കൊടുക്കും
അച്ഛന്റെ തീരാത്ത കണക്കുകളുടെ മുറിയിൽ
പുലരുവോളം ഉറങ്ങാതെ കൂട്ടിരിക്കും
എന്റെ പഠനമുറി തുറന്ന്,
മാറാല പിടിച്ച ചുമരിൽ
ഭംഗിയുള്ള ചിത്രങ്ങൾ തൂക്കും
അങ്ങനെ അങ്ങനെ ആ ഒറ്റമുറി വീട്ടിലെ
എല്ലാ വാതിലുകളുടെ പൂട്ടും
അമ്മ പരിചയപ്പെടുത്തി തന്നു.
അമ്മയുടെ മുറി മാത്രം കണ്ടില്ല.
അതിന്റെ താക്കോൽ?!

a. കവിതയ്ക്ക് ശീർഷകം നൽകു [ ]

b. അച്ഛന് വേണ്ടി അമ്മ എന്താണ് ചെയ്യുന്നത്? [1]

c. എന്തിനെയാണ് തട്ടിൻപുറത്ത് പൂട്ടിയിടുന്നത്? [1]

d. ഈ കവിതയുടെ ആശയം എഴുതു. [2]

## പ്രവർത്തനം-2

a. "ചിറ്റുളിപ്പല്ലമർത്തിയെൻ തോളിൽ
കൊച്ചുപൂവിൻ പടങ്ങൾ വരക്കും"
ഈ വരികളിലെ ആശയം വിശദമാക്കുക. [4]

b. കാറ്റിനെന്തു സുഗന്ധം കറുത്ത
തൂവൽ ചിക്കിക്കുയിലു പാടുന്നു.
അടിവരയിട്ട പദത്തിന്റെ എതിർപദം എഴുതു. [1]

[P.T.O]

https://studymatequestionbank.blogspot.com/

**പ്രവർത്തനം-3**

പി.വത്സലയുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക. [5]




**പ്രവർത്തനം-4**

സന്ധ്യാസമയം വരുന്നതും, പ്രകൃതി മയങ്ങുന്നതും വർണ്ണിച്ചത് നിങ്ങൾ 'വേഗമുറങ്ങൂ' എന്ന കവിതയിൽ കണ്ടതല്ലേ. അതുപോലെ നിങ്ങൾക്കിഷ്ടപ്പെട്ട ഏതെങ്കിലും ഒരു പ്രകൃതി ദൃശ്യത്തിന്റെ വർണ്ണന തയ്യാറാക്കൂ. [5]

STUDY MATE
QUESTION BANK
HTTPS://STUDYMATEQUESTIONBANK.BLOGSPOT.COM/

**പ്രവർത്തനം-5**

a. 'തേങ്ങ' എന്ന കഥയിലെ അക്കമ്മ എന്ന കഥാപാത്രത്തിന്റെ കഥാപാത്ര നിരൂപണം തയ്യാറാക്കുക.

**സൂചകങ്ങൾ**

* പ്രകൃതിയെ സൂക്ഷ്മമായി നിരീക്ഷിക്കുന്നു.
* തെങ്ങുകളോടുള്ള സ്നേഹം.
* അച്ഛനെ ജോലിയിൽ സഹായിക്കൽ. [4]

b. **മാതൃകപോലെ പൂരിപ്പിക്കുക.**

ചെറ്റ് + അകന്ന് = ചെറ്റകന്ന്

അഴുക്കിൽ + ഇറ്റുകൾ = ................ [1]

**പ്രവർത്തനം-6**

a. **ഉൾച്ചേർന്ന പദങ്ങൾ കണ്ടെത്തുക.**

(i) ദേഹത്തുപ്പുനാറും (ii) നിൽക്കുമോമനച്ചന്തം [2]

b. കുറത്തി, കോഴി എന്നീ കൃതികൾ ആരുടേതാണ്? [1]

c. പ്രമുഖ ഗദ്യകാരൻ 1948-ൽ കോഴിക്കോട് ജില്ലയിലെ തലക്കുളത്ത് ജനിച്ചു. പക്ഷിമാനസം, ജീവിതഗാനം എന്നിവ അദ്ദേഹത്തിന്റെ കൃതികളാണ്. ഈ വ്യക്തി ആരാണ്?[1]

d. ഊഞ്ഞാൽപ്പാട്ടിൽ 'പ്രാർഥനാനാളം' എന്ന് ആരെക്കുറിച്ചാണ് കവി പറയുന്നത്?

[1]

https://studymatequestionbank.blogspot.com/